# *അമേരിക്കൻ മലയാളിയുടെ ദ്വിത്വപ്രതിസന്ധി*

*പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, D.Sc., Ph.D.*

(എഴുത്തുകാരേയും ഭാഷാശാസ്ത്രത്തിൽ താൽപ്പര്യമുള്ളവരേയും മുന്നിൽകണ്ട് തയ്യാറാക്കിയതാണ് ഈ ലഘുലേഖനം)

മിഡിൽസ്കൂളിൽനിന്ന് ഹൈസ്കൂളിലേക്ക് ഉപരിപഠനത്തിനായി ചേർന്ന വിദ്യാർത്ഥിയെ സങ്കല്പിക്കുക. ആദ്യത്തെ മലയാളംക്ലാസ്സിൽ ഷാരടിമാസ്റ്റർ പതിനഞ്ച് കഠിനപദങ്ങൾ കേട്ടെഴുതാൻ ആവശ്യപ്പെടുന്നു. ശരിയായ ഉത്തരങ്ങളുടെ തോതനുസരിച്ച് അദ്ദേഹം വിദ്യാർത്ഥികളെ വിലയിരുത്തുന്നു. വാക്കുകൾപോലും തെറ്റുകൂടാതെ എഴുതാൻ കഴിയാത്ത കുട്ടികൾക്ക് ഭാഷയുടെ മറ്റുവശങ്ങളിൽ വേണ്ടത്ര ശുഷ്കാന്തിയും നിഷ്കർഷയും ഉണ്ടാവില്ലെന്ന പക്ഷക്കാരനാണ് അദ്ദേഹം.

പദങ്ങൾ കൂട്ടിച്ചേർക്കുമ്പോഴും സമാസിക്കുമ്പോഴും ആവശ്യമായ സന്ധിനിയമങ്ങൾ – പ്രത്യേകിച്ചും ദ്വിത്വനിയമങ്ങൾ – അറിയാത്തവരോ അനുസരിക്കാത്തവരോയാകുന്നു ഒട്ടുമിക്കവരും. തെറ്റായ രൂപങ്ങൾ തുടർച്ചയായി വായിക്കുന്നതുകൊണ്ടും ഉപയോഗിക്കുന്നതുകൊണ്ടും, കാലാന്തരത്തിൽ അത് വ്യവസ്ഥാപിത നിയമമെന്ന് ഓരോരുത്തരും ധരിക്കാൻ തുടങ്ങുന്നു – നുണ പറഞ്ഞുപറഞ്ഞ് അത് സത്യമാണെന്ന് പിഴയാളിതന്നെ വിശ്വസിക്കാൻ തുടങ്ങുന്നപോലെ. പുതിയ നിയമങ്ങളോ ഭാവനകളോ ഭാഷാശാസ്ത്രത്തിൽ കുടിയേറാൻ പാടില്ലെന്നല്ല ഇപ്പറഞ്ഞതിനർത്ഥം; മറിച്ച്, അജ്ഞതകൊണ്ട് ഉത്ഭവിക്കുന്ന നിഷേധങ്ങൾ മുളയിലേ നുള്ളിയാൽ പിൻതലമുറയ്ക്ക് ശരിയും തെറ്റും വ്യവച്ഛേദിച്ചറിയാൻ ഗവേഷകരെ ഏർപ്പെടുത്തേണ്ട വൈഷമ്യം നേരിടുകയില്ലെന്നുമാത്രം. അജ്ഞതകൊണ്ട് അരങ്ങേറിയ പാഴ്പ്രയോഗങ്ങളും രൂപങ്ങളും കളപോലെ കാലാകാലങ്ങളിൽ പിഴുതെറിഞ്ഞാൽ ഭാഷാവിളവ് ഏറുമെന്ന് പറഞ്ഞതാരാണ്?

വീടുകളിൽ കടുപ്പത്തോടേയും കോമളസാരള്യത്തോടേയും ആവർത്തിക്കുന്ന സ്ഖലിതോച്ചാരണങ്ങൾ ഭാഷ പഠിക്കുമ്പോൾ മനസ്സിലാക്കുന്നവർപോലും എഴുത്തുകാരായി മാറുമ്പോൾ, ഗ്രാമ്യപ്രയോഗങ്ങൾ ഉദ്ദേശിക്കാത്ത അവസരത്തിലും പറഞ്ഞതപ്പടി കടലാസ്സിലാക്കുകയാണ് പതിവ്. അച്ചടിക്കുമ്പോൾ വരുന്ന സ്ഖലിതങ്ങൾക്കു പുറമെയാണിത്. മലയാളലിപികളുടെ പരിമിതിയെന്നും അച്ചുകളുടെ അഭാവമെന്നുമുള്ള ഒഴികഴിവ് ഇനി ലഭിക്കുമെന്നു തോന്നുന്നില്ല. ഉദാഹരണത്തിന്, ഹൃദയം എന്നു വേണ്ടിടത്ത് 'ഹ്രുദയം' എന്ന് ഇക്കാലത്തും എഴുതിപ്പോരുന്നത്. ആദ്യമൊക്കെ അവ അച്ചടിത്തെറ്റാണെന്നോ വേഡ് പ്രോസസ്സറിന്റെ പരിമിതിയാണെന്നോ കണ്ണടച്ചേക്കാമെങ്കിലും, പിന്നീട് അത് ശരിയായ രൂപമാണെന്ന് തെറ്റിദ്ധരിക്കാൻ ഇടയാകും. കൂടാതെ, 'ഋ' എന്ന സ്വരത്തിന്റെ വ്യഞ്ജനസംയോഗം കാണിക്കേണ്ടത് 'ൃ' എന്നതിനു പകരം '്രു' എന്നാണെന്ന് വിചാരിക്കാൻ സംഗതിയാകുകയും ചെയ്യും. അടികിട്ടിയും മാർക്കുനഷ്ടപ്പെട്ടും നേടിയ

ഭാഷാമൂല്യങ്ങൾ കൈമോശംവരുന്നതു കാണുമ്പോൾ ആരും ‘കാരണത്തോടെ എതിർക്കുന്ന’ യുവതീയുവാക്കളായി മാറും. പറമ്പിലൂടെ നടപ്പാതയിടാൻ അനുവദിച്ചാൽ, കാലക്രമേണ നടപ്പാവകാശമായി മാറുന്നപോലെ, ഭാഷാസമ്പത്തിൽ അനധികൃതകയ്യേറ്റം നടത്താനനുവദിച്ചാൽ അപഭ്രംശനിയമങ്ങൾ ഭാഷാസ്വരൂപത്തിൽ അനാവശ്യമായി കുടിയേറ്റം നടത്തും.

വട്ടെഴുത്തും കോലെഴുത്തും കടന്നുവന്ന മലയാളമാണെന്നും, രാമചരിതവും കണ്ണശരാമായണവും പിന്നിട്ട ചരിത്രമാണെന്നും ന്യായമായി വാദിക്കുന്നവർപോലും ഇത്തരം കടന്നുകയറ്റം അംഗീകരിക്കുമെന്നു തോന്നുന്നില്ല. മലയാളം ഉപഭാഷയായി പഠിക്കുന്നവരുടെ വൈഷമ്യം ഓർത്തുനോക്കുക; അതുപോലെ നമ്മുടെ പുതുനാമ്പുകൾക്കുണ്ടായേക്കാവുന്ന സംശയങ്ങളും ആത്മസംഘട്ടനങ്ങളും!

ദ്രാവിഡഘടനയും സംസ്കൃതവ്യാകരണവും അകത്തും പുറത്തും സൂക്ഷിക്കുന്ന എഴുത്തുമലയാളത്തിന്റെ നിയമങ്ങൾ യഥേഷ്ടം പുതുവിദ്യാർത്ഥിക്കു കയ്യടങ്ങാത്തതിന്റെ രഹസ്യം ഈ ചേരുവയിലുണ്ട്. സംസ്കൃതം അഭ്യസിക്കാത്തവരാണല്ലോ നമ്മിൽ ഭൂരിഭാഗവും. എന്നാൽ മാറ്റങ്ങളോടുകൂടിയാണെങ്കിലും സംസ്കൃതവ്യാകരണനിയമങ്ങൾ മൊത്തമായി ഉൾക്കൊണ്ടാണ് കൈരളി ഭൂജാതയായത്. അതുകൊണ്ടുകൂടിയാണ് ഏ. ആർ. രാജരാജവർമ്മ തന്റെ പ്രശസ്ത മലയാളവ്യാകരണഗ്രന്ഥത്തിനു സംസ്കൃതവയ്യാകരണനായ പാണിനിയുടെ നാമം ബിംബിക്കുന്ന ‘കേരളപാണിനീയ’മെന്നു പേരിട്ടത്. ശബ്ദതാരാവലിയിൽ അമരകോശം ഒളിഞ്ഞിരിക്കുന്നത് കൂട്ടിവായിക്കുക.

മിക്ക പഴയ മലയാളവ്യാകരണഗ്രന്ഥങ്ങളും സങ്കേതജടിലമായ വേദാന്തശൈലിയിൽ എഴുതപ്പെട്ടതിനാൽ ദുർഗ്രഹമെന്ന് പരക്കെ ആക്ഷേപമുണ്ടായിരുന്നു. വ്യാകരണനിയമങ്ങൾക്ക് പൂർണ്ണവ്യക്തത വന്നുചേർന്നത് ഈ ഗ്രന്ഥങ്ങൾക്കനുബന്ധമായി, പിന്നീട്, കാരികകളും, ഭാഷ്യങ്ങളും, മറ്റു വ്യാഖ്യാനങ്ങളും രചിക്കപ്പെട്ടപ്പോഴാണ്. എന്തായാലും, രസതന്ത്രബിരുദം നേടിയ ഏ. ആർ. രാജരാജവർമ്മയുടെ വിശകലനവിരുതിന്റെ മുദ്ര ‘കേരളപാണിനീയ’ത്തിൽ പതിഞ്ഞിട്ടുണ്ടെന്ന് സർവ്വസമ്മതം. ആ പുസ്തകത്തിൽ ‘കെമിസ്ട്രി’ എന്ന് ഇംഗ്ലീഷുലിപിയിൽ ഉദാഹരണമായി ചേർത്തിട്ടുള്ളത് യാദൃച്ഛികമാകാനിടയില്ല.

ഇവിടത്തെ മലയാളപ്രസിദ്ധീകരണങ്ങളിൽ ധാരാളമായി കണ്ടുവരുന്ന ഭാഷാന്യൂനതകൾ ചൂണ്ടിക്കാണിക്കാൻ തയ്യാറാവാത്തവരോ, അതു കണ്ടില്ലെന്നു നടിക്കുന്നവരോ ആകുന്നു ഭരിഭാഗവും. അക്കൂട്ടരെ ഈയിടെ ഒരു വിദ്വാൻ, വാളുണ്ടായിട്ടും വെളിച്ചപ്പെടാത്തവരെന്നും, കാര്യം പറയാൻ പേടിക്കുന്ന കാരണവന്മാരെന്നും, തലയും വാലുമുണ്ടായിട്ടും ആടാത്തവരെന്നും, കാര്യംകാണാൻ കണ്ണിട്ടുനില്ക്കുന്ന കാര്യസ്ഥരെന്നും വിശേഷിപ്പിച്ചതിൽ ദുരൂഹതയുണ്ടെന്നു തോന്നുന്നില്ല.

സംസാരഭാഷയിൽ സ്ഥലഭേദംമൂലം സംഭവിച്ചിട്ടുള്ള അപഭ്രംശങ്ങൾ നല്ലമലയാളം എഴുതുന്നതിനു വിഘാതമാകാൻ പാടില്ലാത്തതാണല്ലോ. ഏ. ആർ. രാജരാജവർമ്മയുടെ വാക്കുകൾതന്നെ ഉദ്ധരിക്കട്ടെ: "...ദേശഭേദം കൊണ്ടും ഭാഷയ്ക്കു ചില വ്യത്യാസങ്ങളുണ്ട്. എന്നാൽ അതു സംസാരിക്കുന്ന നാടോടിബ്ഭാഷയെ അല്ലാതെ ഗ്രന്ഥങ്ങളെഴുതുന്ന സാഹിത്യഭാഷയെ അധികം ബാധിച്ചിട്ടില്ല. 1. വടക്കൻ മലയാളം, 2. തെക്കൻ മലയാളം, 3. മദ്ധ്യമലയാളം എന്നു പ്രധാനമായി മൂന്നാണ് ദേശഭേദംകൊണ്ടുള്ള വ്യത്യാസം. ഇതു രുചിഭേദത്താലുണ്ടാകുന്ന വ്യത്യാസമാകയാൽ ഒന്നിനേക്കാൾ മറ്റതു നല്ലതെന്നു പറവാനില്ല. എങ്കിലും മദ്ധ്യമലയാളമാണു നല്ലതെന്ന് പണ്ടേതന്നെ സർവ്വസമ്മതമാകുന്നു. അതിലേക്കു കാരണവും ദൂരെ തേടേണ്ടതില്ല ..." [ഗോകർണ്ണവും കന്യാകുമാരിയും ചേർന്ന അനൈക്യകേരളം നിലനിന്ന കാലത്തെഴുതിയതാണ് ഈ ഉദ്ധരണി – ലേഖകൻ.]

പരന്നുകിടക്കുന്ന വ്യാകരണവാരിധിയിലെ മുത്തുകൾ മുഴുവൻ വാരിക്കൂട്ടുക അസ്സാദ്ധ്യം. എന്നാൽ നിരന്തരമായി കണ്ടുവരുന്ന ചില തെറ്റുകൾ ചൂണ്ടിക്കാട്ടേണ്ടതു ആവശ്യമെന്നു തോന്നുന്നു. നമ്മുടെ അടിസ്ഥാനങ്ങൾത്തന്നെ ചോദ്യം ചെയ്യപ്പെടുന്ന സന്ദർഭങ്ങൾ നൂറുക്കണക്കെ ആവർത്തിക്കുന്നതു കാണുമ്പോൾ പ്രമാണഗ്രന്ഥങ്ങളെ ശരണം പ്രാപിക്കുകയോ, 'ആരംഭത്തിൽനിന്നു തുടങ്ങുക'യോ മാത്രമേ ആശ്രയമുള്ളു. അമേരിക്കൻ മലയാളരചനകളിൽ ദ്വിത്വമുപയേഗിക്കുന്നതിലുള്ള അനവധാനത ദൃഷ്ടിയിൽപ്പെട്ടപ്പോൾ, ഒന്നുകിൽ സ്വന്തം അടിസ്ഥാനങ്ങളെ പുനഃനിർവ്വചനംചെയ്ത് ആൾക്കൂട്ടത്തിൽച്ചേരുക, അല്ലെങ്കിൽ ശരിയുംതെറ്റും വിവേചനം ചെയ്യാനുള്ള വേദിയൊരുക്കുകയെന്ന് തീരുമാനിച്ചു. സ്വയംനവീകരണമെന്ന ഉപോല്പന്നവും പ്രചോദനപ്രദം.

അമേരിക്കയിലെ മലയാളം വായിക്കുമ്പോൾ വളരെയധികം തെറ്റായ ഉദാഹരണങ്ങൾ ദ്വിത്വകാര്യത്തിൽ കണ്ടെത്താനാകും. മറ്റു സന്ധീകാര്യങ്ങളിൽ ഇത്തരം പ്രതിസന്ധികളില്ലെന്നില്ല. '*നീലകൊമ്പ്, മാംസതുണ്ട്, കുതിരകുളമ്പ്, ഉൾകൊള്ളാൻ, ചന്ദനകുറി, നുണകുഴി, എങ്കിൽതന്നെ, നീണ്ടുക്കിടക്കുന്ന, മനസ്സിൽകൊത്തിയ, സുജാതയാൽതീർത്ത, ഓടികളിച്ചു, ഇതരുണത്തിൽ, കൈക്കാലുകൾ, കറുത്തമ്മറുക്*' എന്നിങ്ങനെയുള്ള എഴുത്തുകൾ സമൃദ്ധമാകുന്ന ഇക്കാലത്ത്, ശരിയേത് തെറ്റേത് എന്ന മായാവിഭ്രമം എഴുത്തുകാരെപ്പോലും കുഴക്കും. അമേരിക്കയിൽ കുടിയേറിയ മലയാളി 'ആദിവാസി' എഴുത്തുകാർപോലും ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നൂവെന്നത് വിചിത്രം. അതുകൊണ്ട് ഇക്കാര്യത്തിൽ അത്യാവശ്യമായ ചില നിയമങ്ങൾ വീണ്ടും സന്ദർശിക്കുകയെന്നത് ഈ ലേഖനത്തിന്റെ പരിധിയിൽപ്പെടുന്നു.

നാലോ അഞ്ചോ പൊതുനിയമങ്ങൾ ദ്വിത്വകാര്യത്തിൽ പറയാറുണ്ട്. എന്നാൽ ഭൂരിഭാഗം ഉദാഹരണങ്ങളും സമാസമെന്ന ആശയത്തെ ചുറ്റിപ്പറ്റി തിരിയുന്നു. പദങ്ങളെ വിഭക്തികളില്ലാതെ വിളക്കിച്ചേർക്കലാണല്ലോ സമാസധർമ്മം. രണ്ടോ മൂന്നോ അതിലധികമോ വാക്കുകൾ കൂട്ടിച്ചേർക്കപ്പെട്ടേക്കാം. രണ്ടു വാക്കുകളുള്ള

സന്ദർഭങ്ങളാണ് കൂടുതലും.  ഈ വാക്കുകളെ ഒന്നാംപദം, രണ്ടാംപദം എന്നിങ്ങനെ തിരിക്കാം (ഉത്തരപദം, പൂർവ്വപദം എന്ന് വിവക്ഷ).  ഒന്നാംപദത്തേയും രണ്ടാംപദത്തേയും, അവ നാമങ്ങളായാലും ക്രിയകളായാലും, നാം ബന്ധിപ്പിക്കുന്നത്, ഒന്നുകിൽ സമാസത്തോടെയായിരിക്കും, ഉദാ: മൂതേവിക്കോലം, കൈക്കൊള്ളുക, … അല്ലെങ്കിൽ, ഒന്നാംപദം നാമമാണെങ്കിൽ അതിനോട് വിഭക്തിപ്രത്യയം ചേർത്ത് രണ്ടാംപദവുമായി ബന്ധിപ്പിക്കാം, ഉദാ: കണ്ണാൽക്കണ്ടു,… ഒന്നാംപദം ക്രിയാപദമാണെങ്കിൽ വിനയെച്ചസ്വരൂപം രണ്ടാംപദത്തിലെ ആദ്യവ്യഞ്ജനത്തെ നിയന്ത്രിക്കും,  ഉദാ: ഓടിക്കളിച്ചു, …  വിശദീകരണങ്ങൾ പിന്തുടരും.  ദ്വിത്വം വരുന്ന സന്ദർഭങ്ങൾ പറഞ്ഞതിനുശേഷം, ഈ വിഭാഗത്തിലെ പൊതുവായ ദ്വിത്വനിഷേധങ്ങളും, പ്രത്യേകമായിവരുന്ന മറ്റു ദ്വിത്വനിഷേധാവസരങ്ങളും ഒടുവിൽ സൂചിപ്പിക്കാം.

ഓർക്കുക, എന്തായാലും ദ്വിത്വം വരുന്നത് രണ്ടാംപദത്തിലെ ആദ്യവർണ്ണം വ്യഞ്ജനമാകുമ്പോൾ മാത്രമാണ്.  അത് സ്വരമാകുമ്പോൾ സ്വരസന്ധിനിയമങ്ങൾ പ്രയോഗത്തിൽ വരുന്നു. അക്കാര്യം ഈ ലേഖനത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നില്ല; മാത്രവുമല്ല, പ്രമാണഗ്രന്ഥങ്ങൾ തുറന്നുനോക്കി വിശദമായ അടിസ്ഥാനനവീകരണം നടത്തേണ്ടതിനു പകരവുമല്ല ഇത്.

<u>സമാസത്തിൽ വരുന്ന ദ്വിത്വം</u>: ആദ്യമായി വ്യഞ്ജനങ്ങളെ ദൃഢങ്ങളെന്നും ശിഥിലങ്ങളെന്നും തിരിക്കാം: അനുനാസികങ്ങളായ “ങ, ഞ, ന, ണ, മ” എന്നിവയും മദ്ധ്യമങ്ങളായ “യ, ര, ല, വ, റ” എന്നിവയും ശിഥിലങ്ങൾ.  മറ്റു വ്യഞ്ജനങ്ങൾ ദൃഢങ്ങൾ (ഖര,മതിഖര,മൃദു,ഘോഷങ്ങളും “ശ, ഷ, സ, ഹ” എന്നീ ഊഷ്മാക്കളും). [ഒരു നിമിഷം കണ്ണടച്ച് ഇപ്പോൾ ദൃഢവ്യഞ്ജനങ്ങളേയും ശിഥിലവ്യഞ്ജനങ്ങളേയും ധ്യാനിക്കുക; അല്ലെങ്കിൽ തുടർവായന അരോചകമാകും!]

ശിഥിലങ്ങൾ രണ്ടാംപദത്തിലെ ആദ്യാക്ഷരമെങ്കിൽ ഇരട്ടിക്കുകയില്ലെന്നും, മറ്റിടങ്ങളിൽ, അതായത് ദൃഢങ്ങൾ രണ്ടാംപദത്തിലെ ആദ്യാക്ഷരമായി വരുന്നേടത്ത്, ഇരട്ടിക്കുമെന്നും പൊതുവെ പറയാം. ഓർക്കുക, സമാസമുള്ള അവസരങ്ങളെയാണ് ഇപ്പോൾ വിലയിരുത്തുന്നത്. നിഷേധങ്ങൾ വിരളമായി കണ്ടേക്കാം. ചില ഉദാഹരണങ്ങൾ:

(1) പച്ച + **പ**ുല്ല് = പച്ച**പ്പ**ുല്ല്; പച്ച + **മ**രം = പച്ച**മ**രം (~~പച്ചമ്മരം~~)

(ഇവിടെ ‘പ’ ദൃഢവ്യഞ്ജനം/ഇരട്ടിപ്പ്; ‘മ’ ശിഥിലവ്യഞ്ജനം/ഇരട്ടിപ്പില്ല)

(2) കൂടെ + **ച**െന്നു = കൂടെ**ച്ച**െന്നു; കൂടെ + **ന**ടന്നു = കൂടെ**ന**ടന്നു (~~കൂടെന്നടന്നു~~)

(ഇവിടെ ‘ച’ ദൃഢവ്യഞ്ജനം/ഇരട്ടിപ്പ്; ‘ന’ ശിഥിലവ്യഞ്ജനം/ഇരട്ടിപ്പില്ല)

(3) മയിൽ + **ക**ുട്ടി = മയിൽ**ക്ക**ുട്ടി; മയിൽ + **വ**ാഹനം = മയിൽ**വ**ാഹനം (~~മയിൽവ്വാഹനം~~)

(ഇവിടെ 'ക' ദൃഢവ്യഞ്ജനം/ഇരട്ടിപ്പ്; 'വ' ശിഥിലവ്യഞ്ജനം/ഇരട്ടിപ്പില്ല)

(4) വെള്ളി + **ത**ട്ടം = വെള്ളി**ത്ത**ട്ടം; വെള്ളി + നാണയം = വെള്ളിനാണയം (~~വെള്ളിന്നാണയം~~)

(ഇവിടെ 'ത' ദൃഢവ്യഞ്ജനം/ഇരട്ടിപ്പ്; 'ന' ശിഥിലവ്യഞ്ജനം/ഇരട്ടിപ്പില്ല)

(5) നീല + **ക**ാവടി = നീല**ക്ക**ാവടി; നീല + **ഞ**രമ്പ് = നീല**ഞ**രമ്പ് (~~നീലഞ്ഞരമ്പ്~~)

(ഇവിടെ 'ക' ദൃഢവ്യഞ്ജനം/ഇരട്ടിപ്പ്; 'ഞ' ശിഥിലവ്യഞ്ജനം/ഇരട്ടിപ്പില്ല)

രണ്ടു പ്രധാന നിഷേധങ്ങൾ:

(i) ദ്വന്ദ്വസമാസത്തിൽ ഈ ഇരട്ടിപ്പ് വരുന്നില്ല. ഉദാ: ആനകുതിരകൾ (~~ആനക്കുതിരകൾ~~).

(ii) ആദ്യപദാന്തം ചില്ലുകളായാലും ("ൽ, ർ, ൾ, ൺ, ൻ, ഴ്" എന്നിവ) ഈ നിയമം ബാധകം തന്നെ; ഇരട്ടിപ്പു വരുമെന്നർത്ഥം. എന്നാൽ 'ൾ' എന്ന ചില്ല് ബഹുവചനപ്രത്യയമായ ആദ്യപദാന്തമായാൽ ഇരട്ടിപ്പു വരുന്നില്ല.

ഉദാ: കവികൾ + **ഗ**ായകർ = കവികൾ**ഗ**ായകർ ('ൾ' ബഹുവചനപ്രത്യയമാണ്).

പയർ + **തോ**ട്ടം = പയർ**ത്തോ**ട്ടം ('ർ' ബഹുവചനപ്രത്യയമല്ല).

വേറെയും നിഷേധങ്ങൾ കണ്ടേക്കാം. സാമാന്യനിയമം പറഞ്ഞെന്നുമാത്രം.

<u>സമാസമില്ലാത്തിടത്ത് കൂട്ടിയെഴുതുമ്പോൾ വരുന്ന ദ്വിത്വം</u>: 'ൽ' എന്ന ചില്ലിൽ അവസാനിക്കുന്ന ആധാരികാവിഭക്തിയിലോ പ്രായോജികാവിഭക്തിയിലോ ആദ്യപദം വന്നാൽ, സമാസമില്ലെങ്കിലും പദങ്ങൾ കൂട്ടിയെഴുതുമ്പോൾ രണ്ടാംപദത്തിലെ ആദ്യവ്യഞ്ജനത്തിനു ദ്വിത്വം വരുന്നു. പ്രതിഗ്രാഹികാവിഭക്തിയുള്ളേടത്തും ഇരട്ടിപ്പു കാണാം.

ഉദാ: ശത്രുവിൽ + **ത**ന്നെ = ശത്രുവിൽ**ത്ത**ന്നെ (ആധാരിക)

കണ്ണാൽ + **ക**ണ്ടത് = കണ്ണാൽ**ക്ക**ണ്ടത് (പ്രായോജിക)

സീതയെ + **തേ**ടി = സീതയെ**ത്തേ**ടി (പ്രതിഗ്രാഹിക)

ഇതുപോലെ ആദ്യപദം മുൻ, തൻ, പാക്ഷികവിനയെച്ചങ്ങളായാൽ പറ്റുവിനയോടു ചേർന്നുവരുന്ന രണ്ടാംപദത്തിലെ (അത്ക്രിയയുമാകാം) ആദ്യവ്യഞ്ജനം ദൃഢമെങ്കിൽ ഇരട്ടിക്കും. (വിനയെന്നാൽ തമിഴിൽ ക്രിയയെന്നർത്ഥം. അർത്ഥപൂർണ്ണതയുള്ള ക്രിയ മുറ്റുവിന [ഉദാ: നോക്കുന്നു]; അർത്ഥപൂർണ്ണതയില്ലാത്ത ക്രിയ പറ്റുവിന [ഉദാ: നോക്കിയ]. നാമത്തോടുചേരുന്ന പറ്റുവിന പേരെച്ചം [ഉദാ: നോക്കിയ പടം]; ക്രിയയോടുചേരുന്ന പറ്റുവിന വിനയെച്ചം [ഉദാ: നോക്കിനോവിച്ചു]. ഈ സാങ്കേതികപദങ്ങളെക്കുറിച്ച് ഇവിടെ കൂടുതൽ വിസ്തരിക്കുന്നില്ല. ഇത്തരം പ്രയോഗങ്ങൾ ദ്രാവിഡത്തിന്റെ പ്രത്യേകതകളായതുകൊണ്ടാണ്, ഏ. ആർ. ഇവയെ ദ്രാവിഡത്തനിമയിൽ നിലനിർത്താൻ തീരുമാനിച്ചത്.)

ഉദാ: പാടി + **ക**ളിച്ചു = പാടി**ക്ക**ളിച്ചു (മുൻവിനയെച്ചം)

കേൾക്കെ + **ചൊ**ല്ലി = കേൾക്കെ**ച്ചൊ**ല്ലി (തൻവിനയെച്ചം)

നടുകിൽ + **തി**ന്നാം = നടുകിൽ**ത്തി**ന്നാം (പാക്ഷികവിനയെച്ചം)

പദ്യത്തിൽ കവിതയെഴുതുന്ന കവികൾക്കാണ് ഇപ്രകാരമുള്ള പദസംയോജനം അവശ്യം ആവശ്യമായി വരുന്നത്. ഗദ്യത്തിൽ വാക്കുകൾ വിട്ടെഴുതാറുള്ളതുകൊണ്ട് ഈ നിയമം എല്ലായിടത്തും പാലിക്കേണ്ടിവരുന്നില്ല. എന്നാൽ, ഗദ്യത്തിൽത്തന്നെ വാക്കുകൾ വിട്ടെഴുതുന്ന രീതി എല്ലായ്പ്പോഴും നല്ലനടപ്പായി കണക്കാക്കാനുമാവില്ല! ഈ വക സന്ധികാര്യങ്ങൾ ഒഴിവാക്കാനായി പലപ്പോഴും കൂടിച്ചേരേണ്ട വാക്കുകൾ വിട്ടെഴുതുന്ന പ്രവണതയും ഏറിവരുന്നുണ്ട്.

## ചുട്ടെഴുത്തു ദ്വിത്വം:

ദ്വിത്വം ആവശ്യമായ മറ്റൊരു ഘട്ടം സർവ്വനാമികങ്ങളായ അ, ഇ, എ (ചുട്ടെഴുത്ത്) എന്നിവയോട് പദങ്ങൾ ചേരുന്ന അവസരങ്ങളാണ്. ഇവിടെ പദങ്ങളിലെ ആദ്യവ്യഞ്ജനം എപ്പോഴും – ദൃഢമായാലും *ശിഥിലമായാലും* – ഇരട്ടിക്കും.

ഉദാ: അ + **ന**ാളിൽ = അ**ന്ന**ാളിൽ (ചുട്ടെഴുത്ത്/ശിഥിലം)

അ + **കാ**ലത്ത് = അ**ക്കാ**ലത്ത് (ചുട്ടെഴുത്ത്/ദൃഢം)

**അതിഖര,ഘോഷദ്വിത്വങ്ങൾ**: അതിഖരവ്യഞ്ജനമോ, ഘോഷവ്യഞ്ജനമോ ഇരട്ടിക്കുമ്പോൾ, അതിഖരത്തിനോടു ഖരവും ഘോഷത്തിനോട് മൃദുവും ആദേശിച്ച് ദ്വിത്വനിയമം പ്രവർത്തിക്കുന്നു.

ഉദാ: അനന്ത + **ഫ**ണം = അനന്ത**പ്ഫ**ണം ('ഫ' അതിഖരം, 'പ' ആദേശ'ഖരം')

ഏക + **ഛ**ത്രം = ഏക**ച്ഛ**ത്രം ('ഛ' അതിഖരം, 'ച്' ആദേശ'ഖരം')

ആന + ഭ്രാന്ത് = ആന**ബ്**ഭ്രാന്ത് ('ഭ' ഘോഷം, 'ബ' ആദേശ'മൃദു')

എന്നാൽ ആദേശവ്യഞ്ജനം ഒഴിവാക്കി ദ്വിത്വമില്ലാതെ എഴുതുന്നത് പതിവായി കാണുന്നു. അങ്ങിനെയാണ് വിദ്യാർത്ഥി 'വിദ്യാർഥി'യായി മാറിക്കൊണ്ടിരിക്കുന്നത്.

ഒരു സുപ്രധാന നിയമനിരാസവേള: ആദ്യപദാന്തം സംവൃതോകാരമായാൽ രണ്ടാം പദത്തിലെ ആദ്യവർണ്ണം ഇരട്ടിക്കുന്നില്ല.

ഉദാ: ആയുസ്സ് + **കു**റവ് = ആയുസ്സു**കു**റവ് (~~ആയുസ്സുക്കുറവ്~~)

കാട് + **ത**പ്പൽ = കാടു**ത**പ്പൽ (~~കാടുത്തപ്പൽ~~)

പറഞ്ഞ് + **പ**റ്റിച്ചു = പറഞ്ഞു**പ**റ്റിച്ചു (~~പറഞ്ഞുപ്പറ്റിച്ചു~~)

ചില നിയമനിഷേധങ്ങൾ ഇല്ലെന്നില്ല; ഉദാ: മുത്തു**ക്കു**ട, ...

കാലംകൊണ്ടു വന്ന ചില മാറ്റങ്ങളും പ്രവണതകളും: പല ദ്വിത്വപ്രയോഗങ്ങൾക്കും കാലഗതിയിൽ രൂപാന്തരം സംഭവിച്ചിട്ടുണ്ടെന്നു തോന്നുന്നു. സമസ്തപദങ്ങളിലാണ് ഇതിലേറെയും.

1. ഉർ**വ്വ**ര, മർ**മ്മ**രം, വർ**ണ്ണ**ം എന്നിവ ഉർ**വ**ര, മർ**മ**രം, വർ**ണ**ം എന്നിങ്ങനെ എഴുതുന്ന രീതി ഇന്നു പരക്കെയുണ്ട്, വ്യാകരണദൃഷ്ട്യാ ന്യായീകരണമില്ലെങ്കിലും. 'ർ' എന്ന രേഫച്ചില്ലിനു പകരം, പണ്ട് തുടർക്കൂട്ടക്ഷരത്തിനു മുകളിൽ ഇട്ടിരുന്ന ബിന്ദു ഒഴിവാക്കി എഴുതുമ്പോൾ ഇത്തരം വാക്കുകളിൽ ദ്വിത്വം വേണ്ടെന്ന് ആരോ പഠിപ്പിച്ചപോലെ! ടൈപ്പ്സെറ്റിലുള്ള പരിമിതി ഭാഷയെ നിർവ്വചിക്കണോ?

2. വാ**ഗ്ഗേ**യകാരൻ, ഉല്**ക്ക** എന്നിങ്ങനെയുള്ള പദങ്ങൾ ദ്വിത്വവർണ്ണമില്ലാതെ എഴുതുന്ന രീതിയും പ്രചാരത്തിലുണ്ട്.

3. തിരസ്**ക**രിക്കുക, നമസ്**ക**രിക്കുക എന്നിവ പണ്ട് തിരസ്**ക്ക**രിക്കുക, നമസ്**ക്ക**രിക്കുക എന്ന് ദ്വിത്വം കാണിച്ചാണ് എഴുതാറുണ്ടായിരുന്നത്. ഇന്ന് ആദ്യം കാണിച്ച രൂപങ്ങൾ പരക്കെ ഉപയോഗത്തിലുണ്ട്.

കാര്യകാരണകാണ്ഡം: ഇനി ലേഖനാരംഭത്തിൽ സൂചിപ്പിച്ച ചില സ്ഖലിതങ്ങൾക്ക് മുകളിൽപ്പറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിൽ സമാധാനം തേടാം.

1. നീല**കൊ**മ്പ് = നീല**ക്കൊ**മ്പ് (സമാസമുണ്ട്/ദൃഢവ്യഞ്ജനം)

2. മാംസ**തു**ണ്ട് = മാംസ**ത്തു**ണ്ട് (സമാസമുണ്ട്/ദൃഢവ്യഞ്ജനം)

3. കുതിര**കു**ളമ്പ് = കുതിര**ക്കു**ളമ്പ് (സമാസമുണ്ട്/ദൃഢവ്യഞ്ജനം)

4. ഉൾ**കൊ**ള്ളാൻ = ഉൾ**ക്കൊ**ള്ളാൻ (സമാസമുണ്ട്/ദൃഢവ്യഞ്ജനം)

5. ചന്ദനകുറി = ചന്ദനക്കുറി (സമാസമുണ്ട്/ദൃഢവ്യഞ്ജനം)

6. നുണ**കു**ഴി = നുണ**ക്കു**ഴി (സമാസമുണ്ട്/ദൃഢവ്യഞ്ജനം)

7. എങ്കിൽ**ത**ന്നെ = എങ്കിൽ**ത്ത**ന്നെ (പാക്ഷികവിനയെച്ചം/ദൃഢവ്യഞ്ജനം)

8. നീണ്ടു**ക്കി**ടക്കുന്ന = നീണ്ടു**കി**ടക്കുന്ന (സംവൃതോകാരം; ദ്വിത്വം വേണ്ട)

9. മനസ്സിൽ**കൊ**ത്തിയ = മനസ്സിൽ**ക്കൊ**ത്തിയ (ആധാരിക/ദൃഢവ്യഞ്ജനം)

10. സുജാതയാൽ**തീ**ർത്ത = സുജാതയാൽ**ത്തീ**ർത്ത (പ്രായോജിക/ദൃഢവ്യഞ്ജനം)

11. ഓടി**ക**ളിച്ചു = ഓടി**ക്ക**ളിച്ചു (മുൻവിനയെച്ചം/ദൃഢവ്യഞ്ജനം)

12. ഇ**ത**രുണത്തിൽ = ഇ**ത്ത**രുണത്തിൽ (സർവ്വനാമം/ദൃഢവ്യഞ്ജനം)

13. കൈ**ക്കാ**ലുകൾ = കൈ**കാ**ലുകൾ (ദ്വന്ദ്വസമാസം/ദ്വിത്വം വേണ്ട)

14. കറുത്ത**മ്മ**റുക് = കറുത്ത**മ**റുക് (ശിഥിലവ്യഞ്ജനം/ദ്വിത്വം വേണ്ട)

**ചിന്തയ്ക്കൊരു അൽഗോരിതം**: ഇരട്ടിപ്പ് സംശയപ്രദമായ അവസരങ്ങളിൽ പ്രശ്നപരിഹാരത്തിനൊരു സഹായി ഇതാ!

1. സംയോജിക്കുന്ന പദങ്ങൾ തിരിച്ചറിയുക.

2. പദസംയോഗം സമാസമുള്ളതോ, അല്ലാത്തതോയെന്ന് നിശ്ചയിക്കുക.

3. നാമം, ക്രിയ, ദ്യോതകം, പ്രത്യയം എന്നിങ്ങനെ അടയാളപ്പെടുത്തുക.

4. രണ്ടാംപദത്തിലെ ആദ്യവർണ്ണം സ്വരമോ, വ്യഞ്ജനമോയെന്ന് തിട്ടപ്പെടുത്തുക.

5. സ്വരമെങ്കിൽ സ്വരസന്ധിനിയമം അനുസരിക്കുക.

6. വ്യഞ്ജനമെങ്കിൽ ദൃഢമോ, ശിഥിലമോയെന്ന് തീരുമാനിക്കുക.

7. ആദ്യപദം നാമമെങ്കിൽ പ്രത്യയാംഗമായ വിഭക്തിജാതി നിർണ്ണയിക്കുക.

8. ആദ്യപദം ക്രിയയെങ്കിൽ വിനയെച്ചജാതി കണ്ടെത്തുക.

9. ആദ്യപദം സംവൃതോകാരത്തിൽ കലാശിക്കുന്നുവോയെന്ന് നോക്കുക.

10. അപവാദാവസരങ്ങൾ അടിവരയിട്ട് തീർപ്പു കല്പിക്കുക.

11. ദ്വന്ദ്വസമാസം, ചുട്ടെഴുത്ത് തുടങ്ങിയ അപഭ്രംശാവസരങ്ങൾ അറിയുക.

12. ലേഖനത്തിലെ പ്രസക്തഭാഗങ്ങൾ സന്ദർശിച്ച് ദ്വിത്വപ്രതിസന്ധി തീർപ്പാക്കുക.

പരിസമാപ്തി: ഈ ലേഖനത്തിൽ ഊന്നൽകൊടുത്ത സന്ദർഭങ്ങൾ വിശകലനം ചെയ്താൽ 99% ദ്വിത്വപ്രതിസന്ധികളും തരണംചെയ്യാമെന്നാണ് എനിക്കു തോന്നുന്നത്. ഇത് അവസാനംവരെ വായിച്ച വായനക്കാരും എഴുത്തുകാരുമുണ്ടെങ്കിൽ, കണ്ടുമുട്ടിയതും കണ്ടേക്കാവുന്നതുമായ ദ്വിത്വപ്രതിസന്ധികളെ കുറിപ്പാക്കുക. ഇത്തരം പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്ന വേളയിൽ ഈ ലേഖനം ഒരു ഓർമ്മക്കുറിപ്പാകുമെങ്കിൽ അതിലും വലിയ ഒരു അംഗീകാരം വേറെന്തുള്ളൂ?! അമേരിക്കൻ മലയാളിയുടെ ദ്വിപൗരത്വം, ദ്വിസംസ്ക്കാരദശാസന്ധി എന്നിവക്കൊപ്പം ഈ ദ്വിത്വപ്രതിസന്ധിയും ചർച്ചയ്ക്കെടുക്കാൻ അർഹതയുള്ളതത്രെ!

*****************************************************************************************